# ആത്മാവിന്റെ ഭാഗമായവ

ആത്മാവിന്റെ ഭാഗമായവ ഉപേക്ഷിക്കുമ്പോൾ
നോവും
പൂർണ്ണ മനസ്സോടെയും
സംതൃപ്തിയോടെയുമാണാ കൈമാറ്റമെങ്കിലും
കുഞ്ഞു വേർപ്പെട്ട അമ്മയുടെ ഹൃദയം പോലെ
സദാ വിങ്ങിക്കൊണ്ടിരിക്കും
അതിലുണ്ടാവും
പൂർത്തീകരിച്ചതോ അല്ലാത്തതോ
ആയ സ്വപ്നങ്ങളുടെ തുണ്ടുകൾ
കരിഞ്ഞതോ തളിർത്തതോ ആയ പ്രതീക്ഷകളുടെ ഇതളുകൾ
ചില നിമിഷങ്ങളുടെ പകർത്താനാവാത്ത നിറവോ കുറവോ
ഉച്ചരിക്കാനാവാതെ പോയ വാക്കുകളുടെ പിടച്ചിലുകൾ
അനവധി ജന്മങ്ങളുടെ തുടർച്ചകൾ
കാലത്തിന്റെ  ഒരേ സമയത്തുള്ള ഒഴുക്കും നിശ്ചലതയും

മറ്റൊരാത്മാവിന്റെ ഭാഗമായവ സ്വീകരിക്കുമ്പോൾ
എവിടെയോ ഒരു ചേർച്ചക്കുറവു തോന്നും
തീർത്തും അനാവശ്യമായ സമയത്ത് മുട്ടിവിളിച്ച
പ്രണയം പോലെ
തിരക്കിട്ടു പോവാനൊരുങ്ങുമ്പോൾ കേട്ട പിൻവിളി പോലെ
വർഷക്കാലത്ത് പൂക്കുന്ന കൊന്നമരം പോലെ
ഞായറാഴ്ച രാവിലെ കേൾക്കുന്ന അലാറം പോലെ
അത് ഉപേക്ഷിച്ചിടത്തുനിന്നും
മുഴുവനായും വിട്ടുപോരാത്ത
എന്തോ ആണ്

ആത്മാവിന്റെ ഭാഗമായവ ഉപേക്ഷിക്കുമ്പോൾ
ആ മരണം നടന്നുവെന്നു കരുതുക
ഉപേക്ഷിച്ചവയോട് നന്ദി പറയുക
ആത്മാവിന്റെ ഭാഗമായവ സ്വീകരിക്കുമ്പോൾ
മറ്റൊരു  ജീവനെക്കൂടി ഉൾക്കൊള്ളാനൊരുങ്ങുക
പക്ഷേ ആത്മാവിന്റെ ഭാഗമായവ
ഒരിക്കലും പൂർണ്ണമായും ഉപേക്ഷിക്കപ്പെട്ടവയല്ലെന്നും
പൂർണ്ണമായും സ്വീകരിക്കപ്പെട്ടവയല്ലെന്നും കൂടി
തിരിച്ചറിയുക.